**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 141** **12-10-2026-ൽ മറുപടിയ്ക്ക്**

**ഫോർട്ട് കൊച്ചി തീരശോഷണ പ്രതിരോധവും തോപ്പുംപടി ഫിഷറീസ് ഹാർബർ നവീകരണവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കപ്പൽച്ചാൽ ആഴം കൂട്ടുന്നതിന് മുന്നോടിയായി കൊച്ചി തുറമുഖ അതോറിറ്റി നടത്തിയ പാരിസ്ഥിതിക പഠന റിപ്പോർട്ടുകൾ സർക്കാരിന്റെ പക്കൽ ലഭ്യമാണോ; എങ്കിൽ പ്രസ്തുത പഠനങ്ങളിലെ പ്രധാന കണ്ടെത്തലുകൾ വ്യക്തമാക്കാമോ;

**മറുപടി:** ഉണ്ട്. കൊച്ചിൻ പോർട്ട് അതോറിറ്റി കപ്പൽ ചാനലിന്റെ ആഴം വർധിപ്പിക്കുന്നതിന് മുമ്പ് നടത്തിയ പരിസ്ഥിതി ആഘാത പഠനങ്ങൾ **(Environmental Impact Assessment – EIA),** നിയമാനുസൃത അനുമതികളുടെ ഭാഗമായി കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിനും മറ്റ് ബന്ധപ്പെട്ട വകുപ്പുകൾക്കും സമർപ്പിച്ചിട്ടുണ്ട്.

പഠനങ്ങളിലെ പ്രധാന കണ്ടെത്തലുകൾ താഴെപ്പറയുന്നവ യാണ്:

പരിസ്ഥിതി ആഘാത വിശകലനം

കപ്പൽ ചാനലിന്റെ ആഴം വർധിപ്പിക്കുന്നതുമൂലം അഴിമുഖത്തിന്റെ അടിത്തട്ടിൽ ആഘാതം ഉണ്ടാകാൻ സാധ്യതയുണ്ട്. ഇതുമൂലം പ്രതീക്ഷിക്കാവുന്ന പ്രധാന പ്രത്യാഘാതങ്ങൾ താഴെപ്പറയുന്നവയാണ്:

1. അവസാദ നിക്ഷേപത്തിലെ (Sedimentation) മാറ്റങ്ങൾ.
2. ലവണാംശത്തിലെ (Salinity) വ്യതിയാനങ്ങൾ.
3. വേലിയേറ്റ പ്രവാഹത്തിലെ മാറ്റങ്ങൾ.
4. ജലത്തിന്റെ ഒഴുക്കിലൂടെയുള്ള പുതുക്കൽ നിരക്കിലെ (Flushing Rate) മാറ്റങ്ങൾ.

- ഈ പ്രത്യാഘാതങ്ങൾ പ്രാദേശികമായി പരിമിതമായിരിക്കുമെന്നും തുറമുഖ മേഖലയിലായി രിക്കും പ്രധാനമായും അനുഭവപ്പെടുകയെന്നും പ്രതീക്ഷിക്കുന്നു.
- വല്ലാർപാടം കണ്ടെയ്നർ ടെർമിനലും അതിന്റെ പ്രവർത്തനങ്ങളും ജലത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയില്ല.
- ജലജീവികളുടെ ജൈവവൈവിധ്യത്തെയും പ്രതികൂലമായി ബാധിക്കില്ല.
- മനുഷ്യന്റെ ഇടപെടലുകളും രാത്രികാലത്തെ പ്രകാശവിന്യാസവും മൂലം ടെർമിനൽ പ്രദേശത്തിന്റെ ഭൂപ്രകൃതിയിൽ മാറ്റങ്ങൾ സംഭവിക്കും. ഇത് പക്ഷികളുടെ ജീവിതത്തെ ബാധിക്കാൻ സാധ്യതയുണ്ട്.
- കണ്ടെയ്നർ ടെർമിനലിന്റെ സ്ഥാപനം, അതോടനുബന്ധിച്ചുള്ള നഗരവൽക്കരണം എന്നിവ തണ്ണീർത്തടങ്ങളിലും ആവാസവ്യവസ്ഥയിലും സമ്മർദം സൃഷ്ടിക്കാൻ ഇടയുണ്ട്. പരിസ്ഥിതിയിലു

ണ്ടാകാവുന്ന പ്രതികൂല പ്രത്യാഘാതങ്ങൾ നിയന്ത്രിക്കുന്നതിനായി വികസന പ്രവർത്തന ങ്ങളുടെ വിപുലീകരണം സൂക്ഷ്മമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്.

- കൊച്ചി കായൽ മേഖലയിലെ പരിസ്ഥിതി മേഖലാവിഭജനവും (Environmental Zoning) പരിപാലനവും ഉറപ്പാക്കുന്നതിനായി കൊച്ചിൻ പോർട്ട് മാനേജ്മെന്റിന്റെയും നഗരവികസന അതോറിറ്റിയുടെയും പങ്കാളിത്തത്തോടെ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കണമെന്ന് നിർദേശിക്കുന്നു.
- കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടെ പ്രദേശത്തിന്റെ സാമൂഹിക-സാമ്പത്തിക നില മെച്ചപ്പെടും.
- ടൂറിസം: ഈ പദ്ധതി പരോക്ഷമായി ടൂറിസം മേഖലയ്ക്ക് ഗുണകരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും.
- സൗകര്യങ്ങൾ/പൊതുജനാരോഗ്യം: പ്രദേശത്തിന്റെ വികസനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടും. അതിനാൽ ഈ മേഖലയിലെ ആഘാതം ഗുണകരമായിരിക്കും. കണ്ടെയ്നർ ടെർമിനലുമായി ബന്ധപ്പെട്ട് പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതയില്ലെന്നാണ് പഠനത്തിൽ വിലയിരുത്തിയിട്ടുള്ളത്. ആരോഗ്യ പ്രശ്നങ്ങൾ തൊഴിൽപരമായ ആരോഗ്യ അപകടങ്ങളിൽ (Occupational Health Hazards) മാത്രം പരിമിതപ്പെടുന്നതാണ്. അത്തരം സാഹചര്യങ്ങൾ നേരിടുന്നതിന് ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ബി)** ഫോർട്ട് കൊച്ചി ബീച്ചിലെ തീരശോഷണം സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ മറ്റ് വകുപ്പുകളോ ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; തീരശോഷണം തടയാൻ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

**<u>മറുപടി:</u>** ഫോർട്ട് കൊച്ചി ബീച്ചിലെ തീരശോഷണം സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡും ഫിഷറീസ് വകുപ്പും പഠനങ്ങൾ നടത്തിയിട്ടില്ല.

ടൂറിസം മേഖലയിൽ ഏറ്റവും പ്രാധാന്യമുള്ള ഫോർട്ട് കൊച്ചി പ്രദേശത്തെ 1 കി.മീ. ദൈർഘ്യമുള്ള തീരപ്രദേശത്തിന്റെ സംരക്ഷണം ലക്ഷ്യമിട്ടുള്ള പ്രവൃത്തി ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തി പരിഗണിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ തുടർനടപടികൾ ജലവിഭവ വകുപ്പിൽ മിഷൻ ഡയറക്ടറേറ്റ് (PMU) മുഖേന സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**